(ബി) ഇതിൽ ഉൾപ്പെടുത്തിയ പ്രവർത്തികൾ എന്തെല്ലാമാണെന്നും ഓരോ പ്രവർത്തിക്കും പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും വിശദമാക്കാമോ ;

(സി) ഈ പ്രവൃത്തികൾ തുടങ്ങാൻ ഏതെല്ലാം ഏജൻസികളാണ് സാമ്പത്തിക സഹായം നൽകുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കടലോരമേഖലയുടെ വികസനത്തിന് താഴെ പറയുന്ന പദ്ധതികളാണ് 2005-2006-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. ഭവന നിർമ്മാണ പദ്ധതി.
2. ഫിഷിംഗ് ഹാർബർ.
3. കാഞ്ഞങ്ങാട് ഫിഷ് ലാന്റിംഗ് സെന്റർ.
4. തെക്കടപ്പുറം-മടക്കര ഫിഷ് ലാന്റിംഗ് സെന്ററിൽ മണ്ണുനീക്കൽ.
5. ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ നിർമ്മാണം.

(ബി) 1. *ഭവന നിർമ്മാണ പദ്ധതി :*

100 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ഗ്രാന്റ് ... 40 ലക്ഷം രൂപ

2. *ഫിഷിംഗ് ഹാർബർ :*

കാസർഗോഡ് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് ... 25.58 കോടി രൂപ

3. *കാഞ്ഞങ്ങാട് ഫിഷ്‌ലാന്റിംഗ് സെന്റർ :*

പ്രസ്തുത സെന്റർ പണിയുന്നതിന് ... 30 ലക്ഷം രൂപ

4. *തെക്കടപ്പുറം-മടക്കര ഫിഷ്‌ലാന്റിംഗ് സെന്ററിൽ മണ്ണുനീക്കൽ :*

പ്രസ്തുത പദ്ധതിക്ക് 25 ലക്ഷം രൂപ സുനാമി ഫണ്ടിൽപ്പെടുത്തി ഡ്രെഡ്ജിംഗ് വർക്ക് ഏറ്റെടുക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

5. *ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ :*

പ്രസ്തുത ഹൈസ്ക്കൂളിന് സ്വന്തം കെട്ടിടം കാഞ്ഞങ്ങാട് നിർമ്മിക്കുന്നതിനായി 46.26 ലക്ഷം രൂപയുടെ ഭരണാനുമതി 2004-05-ൽ ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു.

(സി) ഫിഷറീസ് വകുപ്പു മുഖേനയാണ് ഈ പ്രവർത്തികൾ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly